REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-09-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- PV അൻവർ MLA ഉയർത്തിയ ആരോപണങ്ങൾ പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- വയനാട് മുണ്ടക്കൈ- ചൂരൽമല സ്കൂളുകളിലെ പുനഃപ്രവേശനോത്സവം മന്ത്രി V.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു
- LDF ഗവണ്മെന്റ് സ്ത്രീ വിരുദ്ധമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.
- സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- പാരാലിമ്പിക്സിൽ ഹൈജമ്പ് T47 ഇനത്തിൽ വെള്ളി മെഡൽ നേടിയ നിഷാദ് കുമാറിനെ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു.

## വാർത്തകൾ വിശദമായി

PV അൻവർ MLA ഉയർത്തിയ ആരോപണങ്ങൾ പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉന്നത ഉദ്യോഗസ്ഥർ വിഷയം അന്വേഷിക്കുമെന്നും അച്ചടക്ക ലംഘനങ്ങൾ വെച്ചുപൊറുപ്പിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരള പൊലീസ് അസോസിയേഷൻ സംസ്ഥാന

പ്രതിനിധി സമ്മേളനം കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരള പൊലീസ് സേനാംഗങ്ങൾ അച്ചടക്കത്തിന്റെ ചട്ടക്കൂടിൽ നിന്ന് വ്യതിചലിക്കരുതെന്നും രാജ്യത്തെ ഏറ്റവും മികച്ച സേനയാണ് സംസ്ഥാനത്തിന്റേതെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള പോലീസിൽ കുഴപ്പക്കാർ ചെറിയൊരു വിഭാഗം മാത്രമാണ്. അത്തരക്കാരെ സേനയ്ക്ക് ആവശ്യമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. പോലീസിനെ കൂടുതൽ ജനകീയവൽക്കരിക്കയാണ് ലക്ഷ്യമെന്നും പിണറായി വിജയൻ അറിയിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ DGP ഡോ ഷെയ്ഖ് ദർവേഷ് സാഹിബുമായി കൂടി കാഴ്ച നടത്തി. കോട്ടയത്തെ നാട്ടകം ഗസ്റ്റ് ഹൗസിലായിരുന്നു കൂടിക്കാഴ്ച. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് PV അൻവറിന്റെ പരാതിയുടെ പശ്ചാത്തലത്തിലായിരുന്നു കൂടിക്കാഴ്ച.

✪✪✪

ADGP M R അജിത് കുമാറിനെതിരെ ഗുരുതര ആരോപണവുമായി വീണ്ടും PV അൻവർ MLA രംഗത്ത് വന്നു. സോളാർ കേസ് അട്ടിമറിച്ചത് അജിത് കുമാർ ആണെന്നും കേസ് അട്ടിമറിച്ചതിലൂടെ കേരള ജനയെ വഞ്ചിച്ചുവെന്നും അ ൻവർ പറഞ്ഞു. പേര് വെളിപ്പെടുത്താൻ കഴിയാത്ത ഉന്നത

ഉദ്യോഗസ്ഥൻ അയച്ച സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം ഉന്നയിക്കുന്നതെന്നും അൻവർ വിശദീകരിച്ചു.

അജിത് കുമാറും ഭാര്യാസഹോദരനും ചേർന്ന് കവടിയാർ കെട്ടാരവളപ്പിൽ 22 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. 12,000 സ്ക്വയർ ഫീറ്റ് വീടാണ് നിർമ്മിക്കുന്നതെന്നാണ് വിവരം. 60 ലക്ഷം രൂപ വരെയാണ് അവിടെ സെന്റിന് വിലയെന്ന് അൻവർ വെളിപ്പെടുത്തി.

✪✪✪

അൻവറിന്റെ ആരോപണങ്ങൾ പാർട്ടിയും ഗവൺമെന്റും ഗൗരവമായി പരിശോധിക്കുമെന്ന് CPIM  സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ആരോപണങ്ങൾ ഗവൺമെന്റും പാർട്ടിയും പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. കണ്ണൂർ വിമാനത്താവളത്തിൽ മാധ്യമ പ്രവർത്തകരോട്  സംസാരിക്കുകയായിരുന്നു MV ഗോവിന്ദൻ.

കോൺഗ്രസ് വനിതാ നേതാവ് സിമി റോസ്ബെല്ലിന്റെ ആരോപണത്തിൽ കോൺഗ്രസ് നേതൃത്വം മറുപടി പറയണമെന്നും  MV ഗോവിന്ദൻ ആവശ്യപ്പെട്ടു. ആരോപണം ഉന്നയിച്ചയാളെ കോൺഗ്രസ് പുറത്താക്കുകയാണ് ചെയ്തതെന്നും  സംസ്ഥാന സെക്രട്ടറി കുറ്റപ്പെടുത്തി.

✪✪✪

P V  അൻവറിന്റെ വെളിപ്പെടുത്തലിന്റെ സാഹചര്യത്തിൽ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ ധാർമ്മിക അവകാശം നഷ്ടപ്പെട്ടതായി  B J P  സംസ്ഥാന പ്രസിഡന്റ് കെ

സുരേന്ദ്രൻ പറഞ്ഞു. മുഖ്യമന്ത്രി ഉടൻ സ്ഥാനം രാജി വെക്കണം. മന്ത്രിമാരുടെ ഫോൺ ചോർത്തലടക്കം കേരളം ഇതുവരെ കേൾക്കാത്ത ഗൗരവമേറിയ നിയമലംഘനങ്ങളാണ് ഉണ്ടായതെന്ന് അദ്ദേഹം തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. അൻവറിന്റേത് വ്യാജ പ്രചാരണമാണെങ്കിൽ അദ്ദേഹത്തെ ചോദ്യം ചെയ്യാൻ പോലീസ് എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്നും അദ്ദേഹം ചോദിച്ചു.

✪✪✪

ദുഃഖവും സന്തോഷവും തളം കെട്ടിയ അന്തരീക്ഷത്തിൽ വെള്ളാർമലയിലും മുണ്ടക്കൈയിലും സ്ക്കൂൾ പ്രവേശനോത്സവം നടത്തി. മന്ത്രി V.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

വയനാട് പ്രതിനിധി അരുൺ വിൻസന്റിന്റെ റിപ്പോർട്ട്.

(വോയ്സ്)

✪✪✪

LDF ഗവണ്മെന്റ് സ്ത്രീ വിരുദ്ധമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. കാഫിർ സ്ക്രീൻഷോട്ട് നിർമ്മിച്ച കുറ്റവാളികളെയും ഹേമ കമ്മിറ്റി റിപ്പോർട്ടിലെ വേട്ടക്കാരെയും ഗവണ്മെന്റ് സംരക്ഷിക്കുന്നു എന്നാരോപിച്ച് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ UDFന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തി വച്ചതിലൂടെ ഗുരുതരമായ കുറ്റമാണ് മുഖ്യമന്ത്രിയും ഗവണ്മെന്റ് ചെയ്തതെന്നും നിരന്തരം ലൈംഗിക ആരോപണം നേരിടുന്ന വേട്ടക്കാരനെ CPIM സംരക്ഷിക്കുകയാണെന്നും സതീശൻ ആരോപിച്ചു. ഉപജാപക സംഘമാണ് മുഖ്യമന്ത്രിയുടെ ഓഫീസ് ഭരിക്കുന്നതെന്നും  സാമൂഹ്യ വിരുദ്ധരുടെ കേന്ദ്രമായി ഓഫീസ് മാറിയെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ലൈംഗികാതിക്രമ കേസിൽ നടൻ മുകേഷ് ഇന്ന് മുൻകൂർ ജാമ്യം തേടി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയെ സമീപിച്ചേക്കും. നടൻ സിദ്ധിക്കും ഹൈക്കോടതിയിൽ മുൻ കൂർ ജാമ്യപേക്ഷ നൽകുമെന്നാണ് റിപ്പോർട്ട്.

നടൻ ജയസൂര്യയ്ക്കെതിരായ പരാതിയിൽ  ആരോപണം ഉന്നയിച്ച നടിയുടെ മൊഴി ഇന്ന് രേഖപ്പെടുത്തുമെന്നും റിപ്പോർട്ടുണ്ട്.

✪✪✪

ചട്ടങ്ങൾ കാരണം കുരുക്കിലകപ്പെട്ടവർക്ക് ഇളവ് നൽകുന്നതിനാണ് തദ്ദേശ അദാലത്തുകൾ നടത്തുന്നതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ചട്ടങ്ങൾ ലംഘിക്കുന്നവർക്കല്ലെന്നും മന്ത്രി വ്യക്തമാക്കി. കണ്ണൂരിൽ തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേരള ഫുഡ് ടെക് കോൺക്ലേവിന് കൊച്ചിയിൽ തുടക്കമായി. ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്താനും, മേഖലയിലെ കേരളത്തിന്റെ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേക്കെത്തിക്കാനും ലക്ഷ്യമിട്ടാണ് പരിപാടി.

✪✪✪

കശുമാങ്ങയുടെ പഴച്ചാറിൽ നിന്ന് ലഘുപാനീയം ഉത്പാദിപ്പിക്കുന്ന ഫാക്ടറി കാസർകോട് മുളിയാറിൽ മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ മുളിയാറിലെ കാസർകോട് കാഷ്യൂ എസ്റ്റേറ്റിലാണ് ഫാക്ടറി ആരംഭിക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ ത്രിദിന മഹാരാഷ്ട്ര സന്ദർശനം ഇന്നാരംഭിക്കും. കോലാപ്പൂരിലെ വാരണാനഗറിൽ ശ്രീ വാരണ വനിതാ സഹകരണ സംഘത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ പൂനെയിൽ സിംബയോസിസ് ഇന്റർനാഷണലിന്റെ 21-ാമത് സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ശതാബ്ദി വർഷ ചടങ്ങിലും പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണെ, സിംഗപ്പൂർ സന്ദർശനം നാളെ ആരംഭിക്കും. ബ്രൂണെ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ്

നരേന്ദ്രമോദിയെന്ന് വിദേശകാര്യസെക്രട്ടറി ജയദീപ് മസുന്ദാർ അറിയിച്ചു. 4,5 തിയതികളിലാണ് പ്രധാനമന്ത്രിയുടെ സിംഗപ്പൂർ സന്ദർശനം

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് നാളെ വരെയും 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് കാലാവസ്ഥ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ഇരുപത്തിയൊന്നാമത് കന്നുകാലി സെൻസസിന് തുടക്കമായി. നാല് മാസത്തെ കണക്കെടുപ്പ്, ഡിസംബർ 31 ന് സമാപിക്കും. സംസ്ഥാനത്തെ ഒരു കോടി 6 ലക്ഷത്തോളം വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മൃഗങ്ങളുടെ സമ്പൂർണ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും ചെയ്ത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കും. മൃഗങ്ങളുടെ ഇനം, പ്രായം, ലിംഗഘടന എന്നിവയും, കന്നുകാലികളുടെ എണ്ണത്തിലെ വർദ്ധനയും

സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയാണ് കണക്കെടുപ്പിന്റെ പ്രാഥമികലക്ഷ്യം.

✪✪✪

പാരാലിമ്പിക്സിൽ ഹൈജമ്പ് T47 ഇനത്തിൽ വെള്ളി മെഡൽ നേടിയ നിഷാദ് കുമാറിനെ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു. രാജ്യത്തെ കായിക താരങ്ങൾക്ക് നിഷാദ്കുമാർ പ്രചോദനമാകുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സാമൂഹ്യമാധ്യമപോസ്റ്റിൽ കുറിച്ചു.

നിഷാദിന്റെ നിശ്ചയദാർഢ്യത്തെയും അഭിനിവേശത്തേയും പ്രശംസിക്കുന്നെന്നും വിജയത്തിൽ രാജ്യം അഭിമാനിക്കുന്നുവെന്നും നരേന്ദ്രമോദി എക്സ്പോസ്റ്റിൽ കുറിച്ചു.

✪✪✪

കോഴിക്കോട്ട് സമാപിച്ച 16-ാമത് അഖിലേന്ത്യാ സിൽവർ ഹിൽസ് ബാസ്ക്കറ്റ്ബോൾ ട്രോഫി ടൂർണമെന്റിൽ ചെന്നൈ വേലമ്മൽ മെട്രിക്കുലേഷൻ സ്കൂൾ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായി. പെൺകുട്ടികളുടെ വിഭാഗത്തിൽ സേലം സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറിക്കാണ് കിരീടം.

✪✪✪

കേരളാ ക്രിക്കറ്റ് അസോസിയേഷന്റെ പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ട്വന്റി-20 മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഈ

മാസം 18 വരെയാണ് മത്സരങ്ങൾ. കേരള ക്രിക്കറ്റ് ലീഗിന്റെ ബ്രാൻഡ് അംബാസഡർ കൂടിയായ നടൻ മോഹൻലാൽ ചടങ്ങിന് ഔദ്യോഗിക തുടക്കം കുറിക്കും.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നങ്കൂരമിട്ട മദർ ഷിപ്പ് ഡെയ്‌ല, തുറമുഖം വിട്ടു. വിഴിഞ്ഞത്ത് കണ്ടെയിനറുകൾ ഇറക്കിയ ശേഷം കൊളംബോയിലേക്കാണ് ഡെയ്‌ല യാത്രതിരിച്ചത്.

ബ്രസീലിൽനിന്ന് വരുന്ന എം.എസ്.സിയുടെ അടുത്ത കപ്പലായ ഓറിയോൺ ചൊവ്വാഴ്ച എത്തിച്ചേരുമെന്ന് തുറമുഖ അധികൃതർ അറിയിച്ചു. ജൂലായ് 11-നാണ് വിഴിഞ്ഞത്ത് ആദ്യ മദർഷിപ്പ് എത്തിയത്.

✪✪✪

വിജയവാഡയ്ക്കും കാസിപെട്ടിനുമിടയിൽ കനത്ത മഴയും വെള്ളക്കെട്ടും മൂലം ഏതാനും ട്രെയിനുകൾ വൈകി ഓടുകയാണെന്ന് സൗത്ത് സെൻട്രൽ റെയിൽവെ അറിയിച്ചു. ഇന്നലെ പുറപ്പെട്ട തിരുനെൽവേലി- ബിലാസ്പൂർ എക്സ്പ്രസ്,, കൊച്ചുവേളി- ഖൊരഗ്പൂർ എക്സ്പ്രസ്,, ന്യൂഡൽഹി കേരള എക്സ്പ്രസ് തുടങ്ങിയ ട്രെയിനുകൾ ഇവയിലുൾപ്പെടുന്നു.

കൊച്ചുവേളി -കോർബ എക്സ്പ്രസ്സ്, ബിലാസ്പുർ -എറണാകുളം എക്സ്പ്രസ്സ്, ഇന്ന് പൂർണ്ണമായും റദ്ദാക്കി.

മറ്റന്നാളത്തെ എറണാകുളം - ബിലാസ്പുർ എക്സ്പ്രസ്സും റദ്ദാക്കിയിട്ടുണ്ട്. 140 ഓളം സർവീസുകൾ റദ്ദാക്കിയതായി റെയിൽവേ വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

കേന്ദ്ര ഗവൺമെന്റ് പദ്ധതികളെക്കുറിച്ചും, സേവനങ്ങളെക്കുറിച്ചും സംഘടിപ്പിക്കുന്ന ബോധവൽക്കരണ-പ്രദർശന പരിപാടി വടകര മുനിസിപ്പൽ ടൗൺ ഹാളിൽ തുടങ്ങി. KK രമ MLA ഉദ്ഘാടനം ചെയ്തു. കേന്ദ്ര പദ്ധതികളെകളെകുറിച്ച് അവബോധം കൂടുതൽ ജനങ്ങളിലെത്തിക്കണമെന്നും പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കാൻ സാധ്യമാക്കണമെന്നും അവർ പറഞ്ഞു

സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ വയനാട്, കണ്ണൂർ ഫീൽഡ് ഓഫീസുകളും, സംയോജിത ശിശു വികസന വകുപ്പും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 53,360 രൂപയായി. 6670 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪